# ചേരളമോ, കേരളമോ അതോ കോരളമോ?

(പുനർവായന)- വർഗീസ് ഏബ്രഹാം ഡെൻവർ

ഇതെഴുതണമെന്നു വിചാരിച്ചിരുന്നതല്ല. കഴിഞ്ഞ പത്തു വർഷക്കാലം മലയാളം ചാന ലിൽ കൂടെ വന്ന ന്യൂസ് കണ്ടു മാനസിക വിഭ്രാന്തി ബാധിച്ച ഈ പ്രവാസി ആർക്കോ പോസ്റ്റു ചെയ്യാൻ എഴുതി വച്ച ഒരു കത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണിത്.

ഇന്നു കേരളം സുഭിക്ഷമാണ്. എന്തും ഏതും സുഭിക്ഷം. ഈ നേതാവെങ്കിലും വല്ലതും ചെയ്തു തരുമെന്ന വ്യാമോഹത്താൽ തെരഞ്ഞെടുത്തു വിട്ടയച്ചതായ ഒരു മന്ത്രി ചോദിച്ചത് ഇന്നു കേരളത്തിലെന്തിന്റെ കുറവാണ് എന്നാണ്. കേരളത്തിൽ അരിക്കു ക്ഷാമമുണ്ടായപ്പോൾ അതിയാൻ മൈക്കിന്റെ മുമ്പിൽ നിന്നു ഒരു സങ്കോചവുമില്ലാതെ ചോദിക്കുന്നു; അരിയില്ലെങ്കിൽ എന്താ കുഴപ്പം? എല്ലാവരുടേയും വീട്ടിൽ കോഴിയില്ലെ, മുട്ടയില്ലെ, പശുവില്ലെ, പാലില്ലെ എന്ന്. അപ്പോൾ വിശക്കുമ്പോൾ രണ്ടു മുട്ടയും, ഒരു ഗ്ലാസ് പാലും പോരെ എന്ന്. അതിന്റെ കൂടെ രണ്ടു കരിമീൻ ഫിഷ്മോളി കൂടെ ചേർക്കാൻ അതിയാൻ മറന്നു പോയി. കായലിൽ മീൻ ഇല്ലേ? പാവ പ്പെട്ടവന്റെ മുന്നൂറു കിലോ തൂക്കമുള്ള ഈ നേതാവ് അറിയുന്നുവോ ആവോ, ഈ രണ്ടു മുട്ടയും, പശുവിൽ നിന്നും കഷ്ടിച്ചു കിട്ടുന്ന ഒരു ഗ്ലാസു പാലും വിററിട്ടു വേണം അർദ്ധപട്ടിണി ക്കാരൻ അരിയും, മണ്ണെണ്ണയും നാണം മറയ്ക്കാനുള്ള തുണിയും വാങ്ങേണ്ടതെന്ന്.

ജന്തു ശാസ്ത്രത്തിൽ അണുജീവികൾ ബൈനറി ഫിഷൻ എന്ന പ്രക്രിയയിൽ കൂടെ പ്രജ നനം നടത്തുന്ന പോലെ പാർട്ടികൾ മുറിഞ്ഞു രണ്ടായി, നാലായി, എട്ടായി, നൂറായി, ആയിര മായി...! ഇതെഴുതുമ്പോഴും പാർട്ടികൾ മുറിയുകയാണ്, വളരുകയാണ്, വളരും തോറും പിളരുക യാണ്. അതോടൊപ്പം ജനം തളരുകയാണ്, വിളറുകയാണ്. അവിടെ, നാട്ടിൽ പാർട്ടിക്കാരേയും, നേതാക്കൻമാരേയും മുട്ടിയിട്ട് നടക്കാൻ മേല എന്ന സ്ഥിതിവിശേഷമായി. ഇന്നിപ്പോൾ പാട്ടുകാ രേയും, സിനിമാ-സീരിയൽ കളിക്കാരേയും മുട്ടിയിട്ടും നടക്കാൻ വയ്യ!

ഒരു ഭാഗത്തു പാവപ്പെട്ടവന്റെ പാർട്ടി അടിച്ചുമാററുമ്പോൾ മറുഭാഗത്ത് പണക്കാരന്റെ പാർട്ടി തൂത്തുവാരുകയാണ്. എണ്ണിതീർക്കാൻ ദിവസങ്ങൾ വേണ്ടി വരുന്നതിനാൽ നോട്ട് എണ്ണുന്ന മെഷീൻ വരെയുണ്ട് അവരുടെ വീടുകളിൽ എന്നാണു പൊതുജനസംസാരം. ചില പാർട്ടികളെ പററി ഇപ്പോൾ ഒന്നും പറയുന്നില്ല, കാരണം വല്ലപ്പോഴുമൊന്ന് എഴുതാൻ മുട്ടു മ്പോൾ, ഒന്നെഴുതണമെങ്കിൽ കൈ വേണമല്ലോ? ഈ പാർട്ടികളെല്ലാം തന്നെ ഒരമ്മ പെററമക്ക ളാണ്; തന്തമാർ പലത്. ഇവർ തമ്മിൽ എപ്പോഴും കത്തി വയ്പാണ്. ഇതിൽ ചിലർ പുലിയാണ്. ചിലർ ശീതീകരിച്ച ഫോറിൻ കാറിൽ അടിപൊളി ജീവിതം നയിച്ചു ചെത്തിനടക്കുന്നവർ! കയ് നനയാതെ മീൻ പിടിക്കാൻ പഠിച്ചവർ! ചിലർ അഴിമതി എന്ന ക്നാവള്ളിയിൽ കുരുങ്ങിക്കിടക്കു ന്നവർ! ഇന്ത്യൻ നീതിന്യായ വ്യവസ്ഥിതിയിൽ കുററക്കാരെന്നു തെളിഞ്ഞവെരെങ്കിലും കുററക്കാ രല്ലാതാവുന്നവർ! കുറെ ഒച്ചപാടുകളുണ്ടാക്കിയ ജനം പരാജിതരായി എന്നും മാറുന്ന ഒരു ദുസ്ഥിതി!

എപ്പോൾ ടി.വി. ഓൺ ചെയ്താലും ഒരു കാലത്തു കേട്ടിരുന്ന ഒരു വാർത്തയായിരുന്നു ഏതോ ഒരു മന്ത്രി ഐസ്ക്രീം കഴിച്ചു എന്ന്. നാട്ടിൽ നല്ല ഡിമാന്റുള്ള ഒരു സാധനമാണല്ലൊ ഈ ഐസ്ക്രീം? കൂടാതെ നല്ല ചൂടുള്ള ഒരു നാടുമാണല്ലൊ നമ്മുടെ കേരളം? ചൂടിന്റെ കാര്യം പറഞ്ഞപ്പോഴാണു ഒരു കാര്യം ഓർത്തത്, അവിടെ എല്ലാവരും എപ്പോഴും നല്ല ചൂടിലാണ്. ടി.വി. ഓൺ ചെയ്യുമ്പോൾ കാണുന്നതു കുറെ പേർ ഗവ: വക ബസ് കത്തിക്കുന്നു, പൊതു മുതൽ നശിപ്പിക്കുന്നു, പോലീസിനു നേരെ കല്ലെറിയുന്നു, പോലീസ് ഇടത്തും വലത്തുമായി ലാത്തി വീശുന്നു. ഈ തോന്ന്യാസങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുന്ന പത്രക്കാർ എരിവും പുളിയും ചേർത്തെഴുതുന്നു, എഴുതുന്നവന്റെ കൈ വെട്ടുന്നു. ഞരമ്പു രോഗികൾ സെൽഫോണിൽ കൂടെ വേണ്ടതിന്റെയും, വേണ്ടാത്തതിന്റെയും ഒക്കെ ചിത്രം ചെരിഞ്ഞും, തിരിഞ്ഞും, ഞെളിഞ്ഞും നിന്നെടുക്കുന്നു.

ഒരു ഭാഗത്തു ഭക്ഷണത്തിൽ എൻഡോസൾഫാൻ എന്ന മാരകവിഷം തളിച്ചു ജനത്തെ തീററുന്നു. അതിലും മാരക വിഷം തളിച്ച തമിഴന്റെ പഴം വാങ്ങി കഴിക്കുന്നു, ജനം തീരാരോഗി കളായി മാറുന്നു. അത്താഴക്കഞ്ഞിക്കുള്ള അരി ഉണ്ടാക്കേണ്ടുന്ന നെല്ലിൻ പാടങ്ങൾ നികത്തി

മാളിക പണിയുന്നു. മലയാളി കുഴിമടിയനായി മാറുന്നു....! പ്രവാസി മലയാളിക്ക് ജന്മനാടിനേ യോർത്തു ഒന്നു ഉറക്കെ കരയാൻ ഇതിൽ കൂടുതൽ എന്തു കേൾക്കണം ടി.വി..വിയിൽ കൂടെ? മനസു തളർന്നവനായി അവൻ ഉറങ്ങാൻ പോവുന്നു.

സന്ധ്യയുമായി ഉഷസുമായി രണ്ടാം ദിവസം! പ്രവാസി വീണ്ടും ടി.വി. ഓൺ ചെയ്യുന്നു. വീണ്ടും മുകളിൽ പറഞ്ഞു കേട്ട വാർത്തകൾ. ആവർത്തന വിരസതയിൽ അവൻ വീണ്ടും പീഡി പ്പിക്കപ്പെടുന്നു.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയെന്നു പറഞ്ഞു പ്രവാസി വീണ്ടും ഗംഭീരമായി ലോക മെങ്ങും ആഘോഷിച്ചു. ശരിയാണ്, ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം കിട്ടി. എന്നാൽ രാഷ്ട്രീയക്കാരിൽ നിന്നോ, കരിഞ്ചന്തക്കാരിൽ നിന്നോ, പെൺവാണിഭക്കാരിൽ നിന്നോ, ഭൂമാ ഫിയാകളിൽ നിന്നോ, നാക്കിൽ അക്ഷരം കുറിച്ചു തരുന്ന, അമ്മ ആരാണന്നു പറഞ്ഞു തരുന്ന ഗുരുക്കൻമാരുടെ കയ്യും, കാലും വെട്ടുന്ന അധമൻമാരിൽ നിന്നോ, പോലീസിന്റെ യൂണിഫോം അണിഞ്ഞു സർക്കാരിന്റെ ശമ്പളം കൈപററുന്ന ഗുണ്ടകളിൽ നിന്നോ സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. സ്വതന്ത്രമായി നടക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട സ്ത്രീജനങ്ങളുടെ പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനം പിടിച്ചു എന്നാണു പുതിയ റിപ്പോർട്ട്. ഏററവും ഒടുവിലത്തെ സ്ഥാനത്തായി പോയില്ലല്ലോ? ആശ്വസിക്കാം ! ഇന്ന് ആ നാട്ടിലെ സാദാ ജനങ്ങൾ ഉറങ്ങുന്നതു ഒരു കണ്ണു തുറന്നു പിടിച്ചു കൊണ്ടു വേണം.

പണ്ടു കാലത്തു തലയിൽ തുണിയും ഇട്ടുകൊണ്ട് ആരും കാണാതെ വളരെ ഗോപ്യമായ് ചെയ്തിരുന്ന അഴിമതി, കൈകൂലി, ബലാൽസംഗം (ഇന്നിതിനു സ്ത്രീ പീഡനം എന്ന ഓമന പേർ) ഒക്കെ ഇന്നു പൊതുനിരത്തിൽ പച്ചയ്ക്കു പട്ടാപ്പകൽ എല്ലാവരുടെയും കൺമുമ്പാകെ നട ത്തുന്നു. സമചിത്തതയും, പരിസര ബോധവും മറന്ന, കുഴിയിലേക്കു രണ്ടു കാലും നീട്ടിയിരി ക്കുന്ന വൃദ്ധൻമാർ പോലും പീഡനങ്ങൾ നടത്തുന്നു.

ഒരു ഭാഗത്തു രാഷ്ട്രീയ ധ്രുവീകരണം, മനതധ്രുവീകരണം! ഈ ധ്രുവീകരണങ്ങളു ടെയെല്ലാം പരിണതഫലമായി കേരളം ധാരാളം അധോമുഖൻമാരെ പ്രസവിച്ചു. ഇവർ ബോംബുണ്ടാക്കുന്നു, നിരപരാധികളെ കൊന്നൊടുക്കുന്നു. മറുഭാഗത്തു മിതവാദം, പുരോഗമന വാദം, പ്രചണ്ഡവാദം, വിതണ്ഡവാദം, തിരുത്തൽവാദം, വിമുഖവാദം, വിമതവാദം പിന്നെ വളരും തോറും പിളരുകയും, പിളരും തോറും വളരുകയും ചെയ്യുന്ന സ്പ്ലിന്റർ വാദം എന്നീ ആർക്കും വേണ്ടാത്ത വാദഗതികളുമായി നടക്കുന്നവർ. ഈ വാദികളെല്ലാം കൂടെ കഴിഞ്ഞ അഞ്ചു വ്യാഴവട്ടക്കാലമായി ആ നാടിനെയിട്ടു അമ്മാനമാടുന്നു. ആ രാജ്യത്തു എന്താണു നടക്കുന്നതെന്നറിയാതെ ആകാശത്തേക്കു കണ്ണും നട്ടു പകച്ചു നിൽക്കുന്ന പാവം ജനം! കേരള ജനത ഇതിനു മാത്രം എന്തു പാപം ചെയ്തു?

കേന്ദ്രത്തിൽ കുംഭകോണം! കേരളത്തിൽ കുംഭകോണം! തമിഴ്നാട്ടിൽ കുംഭകോണം! ഏതു വാർത്തയിലും മുഴങ്ങി കേൾക്കുന്നതു അഴിമതിയേ പററി. കരുണാനിധി, ദയാനിധിമാരൻ, കലാനിധിമാരൻ, മുരലശൊലിമാരൻ, കനിമൊഴി, പുരൈട്ചി തലൈവി...... ഹൊ, എത്ര നല്ല സുന്ദ രമായ അർത്ഥമുള്ള പേരുകൾ! പേരുമായി യാതൊരു ബന്ധവുമില്ലാത്ത കടകവിരുദ്ധമായ ചെയ്തികൾ....!

ചില വർഷങ്ങൾക്കു മുമ്പു ലോകസഭയിൽ ആണവകരാറിന്റെ അനുബന്ധമായി ഭരണക ക്ഷികൾ ഒരു മൂന്നു കോടി രൂപ കരാറിനെ അനുകൂലിയ്ക്കാൻ അവരുടെ കഷ്ടകാലത്തിനു വേറൊരു പാർട്ടിക്കാർക്കു കോഴ കൊടുത്തു പോലും. ആ മൂന്നു കോടി പച്ചനോട്ടുകൾ ഉയർത്തി പിടിച്ചു തങ്ങൾ കോഴ വാങ്ങുന്നവരല്ല എന്നു ലോകത്തെ കാണിച്ചു ഇന്ത്യയിലെ പാവം ജനങ്ങളെ 'ഞെട്ടിച്ച ' സംഭവം ടീവിയിൽ കണ്ടു. മൂന്നു കോടിയായി കിട്ടിയ ആ കോഴപ്പണം ' നല്ലവരായ ആ സത്യസന്ധൻമാർ ' കേന്ദ്രരാഷ്ട്രീയത്തലെ ഒരു സമുന്നത പാർട്ടിയുടെ അഴിമതി തുറന്നു കാട്ടാൻ ഒരു വിഫല ശ്രമം ചെയ്തു. ഹും.... മൂവായിരം കോടിയും മററും കൈപ്പററുന്ന ഈ കൊള്ളക്കാർക്കു മൂന്നുകോടി രൂപ വെറും പുല്ല്....!

ദിവസങ്ങളോളം പട്ടിണികിടന്ന ഒരു വൃദ്ധ വിധവ വിശപ്പടക്കാൻ നിർവ്വാഹമില്ലാതെ വന്ന പ്പോൾ മണ്ണു വാരിതിന്നു മരിച്ചു എന്ന വാർത്ത ഒരു മലയാളം പബ്ലിക്കേഷനിൽ വായിച്ചു. ഇവി ടെയാണു മുകളിൽ സൂചിപ്പിച്ചതായ രണ്ടു മുട്ടയുടേയും, പാലിന്റെയും ഗുണമഹിമ പറയുന്ന

മന്ത്രിമാർ ഭരിക്കുന്നതെന്നോർക്കണം. ഇതൊക്കെയും കേൾക്കുമ്പോൾ ഈയുള്ളവന്റെയും ശരീരത്തിലെ ഓരോ കോശവും പിടയും, ഞരമ്പുകൾ വലിഞ്ഞുമുറുകും. കേരളത്തിൽ ബംഗാളിലേ പോലെ മാവോയിസം ശക്തിപെടാത്തത് അതിശയം!

ജീവിത സായാഹ്നത്തിൽ ഒന്നു തലചായ്ക്കാൻ ഒരു ഫ്ളാറെറങ്കിലുമാവട്ടെ എന്ന തീരാമോഹവുമായി മുണ്ടു മുറുക്കി ഉടുത്തു, ഉണ്ടും, ഉണ്ണാതെയും, ഒന്നും രണ്ടുമായി അനേക വർഷങ്ങൾ കൊണ്ടു സ്വരൂപിച്ചുണ്ടുക്കിയ പണം ഫ്ളാററു മാഫിയകൾ കൊണ്ടു പോയി അടിപൊളി ജീവിതം നയിക്കുന്നു. ഈ ലേഖകന്റെ സുഹൃത്തു എട്ടു വർഷങ്ങൾക്കു മുമ്പു ഫ്ളാററിനു വേണ്ടി കൊടുത്ത എൺപതു ലക്ഷം രൂപ ഒരു ' പണിതീരാത്ത വീട് ' ആയി വെറുമൊരു മോഹം മാത്രമായി അവശേഷിക്കുന്നു. ഇന്നദ്ദേഹത്തിനു വയസ്സ് എൺപത്തിരണ്ട്. ഇങ്ങനെ ചതിവിന്റെ അല്ലെങ്കിൽ ഇരുട്ടടി കൊണ്ട പോലെ അഭിമാന ഭയത്താൽ ആരോടും പറയാൻ വയ്യാതെ കബളിപ്പിക്കപ്പെട്ട മലയാളികളുടെ ഒരു നീണ്ട നിര തന്നെയുണ്ടു ഈ അമേരിക്കയിൽ. ഇതിനെല്ലാം പുറമെ വിദേശത്തു ജോലി എന്നു പറഞ്ഞു മോഹന വാഗ്ദാനങ്ങളുമായി അമ്മ പെങ്ങൻമാരെ ഗൾഫിൽ കൊണ്ടു പോയി അറബിയുടെ പീഡനമുറയ്ക്കു അടിയറ വയ്ക്കുന്നു. എത്ര കബളിപ്പിക്കപ്പെട്ടാലും ജീവിക്കാനുള്ള ഒരേ ഒരാഗ്രഹത്തിൽ വീണ്ടും വീണ്ടും ഈ പട്ടിണിപ്പാവങ്ങൾ കഴുത്തു നീട്ടികൊടുക്കുന്നു.

ഒരു നല്ല നാളയെ സ്വപ്നം കണ്ടു അറബിയുടേയും, സായിപ്പിന്റെയും നാട്ടിലെത്തിയ മററു പ്രവാസിയേയും വെറുതെ വിടുന്നില്ല. രണ്ടും മൂന്നും വ്യാഴവട്ടക്കാലമായി സായിപ്പിന്റെയും, അറബിയുടേയും ചവുട്ടു കൊള്ളുന്ന പ്രവാസിയുടെ നടുവൊടിക്കാൻ പുതിയ പുതിയ പീഡനമുറകൾ വേറെ. അമേരിക്കയിലെ പന്ത്രണ്ടു ശതമാനത്തോളം ഭാരതീയ കുടിയേററക്കാർ ദാരിദ്ര്യ രേഖയ്ക്കു താഴെയാണു എന്നത്രെ ഒരിക്കൽ വായിച്ച റിപ്പോർട്ട്. നാട്ടിൽ കിടന്നാൽ ജീവിക്കാൻ മാർഗ്ഗമില്ല; അഥവാ ജീവിയ്ക്കാൻ അനുവദിക്കയില്ല എന്നു പറയുന്നതായിരിക്കും ഉത്തമം. ആ സാഹചര്യത്തിൽ തങ്ങളുടെ കുട്ടികൾക്കെങ്കിലും നല്ലൊരു ജീവിതം സ്വപ്നം കണ്ടു പിറന്ന മണ്ണിനോടു മനസില്ലാ മനസോടെ വിട പറഞ്ഞവരാണു പ്രവാസികളിൽ അധിക പങ്കും. അവർ എല്ലു മുറിയെ പണിതുണ്ടാക്കിയ പണം നാട്ടിലേക്കയച്ചു. അങ്ങനെ നാട്ടിൽ വിദേശ നിക്ഷേപത്തിന്റെ സൂചിക വാനോളം ഉയർന്നു. ആ പ്രവാസി വല്ലപ്പോഴും മരണാസന്നരായ മാതാപിതാക്കളെ ഒരു നോക്കു കൂടെ കാണാൻ ഇല്ലാത്ത കടം എടുത്തു വരുമ്പോൾ, എയർപോർട്ടു ഫീ, പാസ്പോർട്ട് സറണ്ടർ ഫീ എന്നിങ്ങനെയുള്ള ഓമന പേരുകൾ പറഞ്ഞു എന്തിനവനെ വീണ്ടും പീഡിപ്പിക്കണം?

അമേരിക്കയിൽ ബട്ടൻ അമർത്തിയാൽ മതി ഡോളർ പോക്കററിൽ താനേ വീണു കിട്ടുമെന്നു വിശ്വസിക്കുന്ന നേതാക്കളാണു ഭാരത മഹാരാജ്യത്തു ഇന്നു ജീവിച്ചിരിക്കുന്നത്. കാരണം അവരുടെ രാഷ്ട്രീയവൽക്കരിച്ച ഫോറിൻ വെക്കേഷനിൽ അവർ കാണുന്നത്, കേൾക്കുന്നത്, അനുഭവിക്കുന്നത് ഒരു നയാപൈസ പോലും തങ്ങളുടെ പോക്കററിൽ നിന്നും ചെലവാക്കാതെ കിട്ടുന്ന രാജകീയ സ്വീകരണങ്ങളും സൽക്കാരങ്ങളുമാണ്. ഈ അവസരം തക്കം നോക്കി പ്രജ്ഞ എന്നെന്നേക്കുമായി കൈമോശം വന്ന ഈ നേതാക്കൾ കണ്ണിൽ ചോരയില്ലാതെ പാവം പ്രവാസിയേയും പിഴിയുകയാണ്.

ഏകദേശം നാല്പതു വർഷങ്ങളെങ്കിലുമായിക്കാണും നാട്ടിലേക്കൊരു കത്തയച്ചിട്ട്. അലസത കൊണ്ടല്ല, ഇനിയിപ്പോൾ അവിടെയാരുമില്ല ഈയുള്ളവന്. നാട്ടുകാർക്ക് ആർക്കെങ്കിലും എഴുതാമെന്നു വച്ചാൽ, അവരും അവിടെയില്ല. അവരെല്ലാവരും അമേരിക്കയിലാണ്. എന്നാൽ എം. എൽ. എ. മാർക്കോ, മന്ത്രിമാർക്കോ എഴുതാമെന്നു വച്ചാൽ അവരെല്ലാവരും വിദേശമലയാളികളുടെ ക്ഷേമം അന്വേഷിക്കാൻ കൂടുതൽ സമയവും അമേരിക്കയിലോ, യൂറോപ്പിലോ, സിംഗപ്പൂരിലോ ആയിരിക്കും. പിന്നെ ആർക്കെഴുതും? ആർക്കെങ്കിലും ലഭിക്കട്ടെ എന്നു കണ്ടു ' ററു ഹും ഇററ് മേ കൺസേൺ' എന്ന മട്ടിൽ എഴുതിയതാണ്. മനോവേദന കൊണ്ടു എഴുതി പോയതാണ്, ക്ഷമിക്കണം !

ഒരിക്കൽ ആ നാടിന്റെ പേര് 'ചേരളം' എന്നായിരുന്നു. പിന്നീട് ആരോ അതു കേരളം എന്നാക്കി. കുറഞ്ഞ പക്ഷം ' കോരളം ' എന്നാക്കിയില്ലല്ലോ? അന്നാട്ടിലെ സ്വർഗ്ഗതുല്യമായ അവസ്ഥ കണ്ടിട്ടു ആരോ ബുദ്ധിമാൻമാർ ആ നാടിനൊരു പുതിയ പേരു കൊടുത്തു;

‘ദൈവത്തിന്റെ സ്വന്തം നാട്’ ഹാ എത്ര സുന്ദരമായ ഒരു പേര് ! ദൈവത്തിന്റെ പേരിൽ ആരോ ആനാടു തീറെഴുതി വാങ്ങി. അങ്ങനെ ദൈവത്തിനും സ്വന്തമായി ഒരു നാടായി.

പിന്നീടു കേട്ടു ഈ നാടു വിൽപനയ്ക്കെന്ന്. കൂടാതെ ‘ ഓണർ വിൽ ഫൈനാൻസ് ’ എന്നും ബോർഡിന്റെ അടിയിൽ എഴുതിവച്ചിരിക്കുന്നു. ലേററസ്റ്റായുള്ള വാർത്ത ഈ നാടു വാങ്ങാൻ ഒരു പുതിയ ബയർ വന്നിരിക്കുന്നു എന്നാണ്. പേര് അറിയേണ്ടേ....? സാത്താൻ...! എനിക്കൊന്നു കരയണമെന്നു തോന്നി. ഞാൻ ബാത്റൂമിൽ കയറി ഉറക്കെ കരഞ്ഞു.

Thanku You ! God Bless !